Vol. 23, No. 23 - Jan 73.

# ടി. ഉബൈദിൻെറ ശില്പശാലയിൽ നിന്ന് (രണ്ട്)

ചന്ദ്രിക വീക്കിലി - 73 - ജനുവരി 6. (14-16)

# കെസ്സുകളും കത്തുപാട്ടുകളും

ഉബൈദ് സാഹിബിൻെറ ശേഖരത്തിൽ പഴയ മാപ്പിളക്കവികളുടെ മനോജ്ഞങ്ങളായ ഒട്ടേറെ കത്തുപാട്ടുകളും കെസ്സുകളും സ്ഥലം പിടിച്ചിട്ടുണ്ട്. മനസ്സിൻെറ ലോലതന്ത്രികളെ തട്ടിയുണർത്തുന്ന സ്നിഗ്ദ്ധമധുരമായ ആ പാട്ടുകൾ നമ്മുടെ ഗാനസാഹിത്യത്തിന് മികച്ച മുതൽക്കൂട്ടത്രെ. പ്രേമത്തിൻെറ കിന്നാരങ്ങളോടൊപ്പം മർദ്ദിതമായ സ്ത്രീഹൃദയങ്ങളുടെ വിങ്ങിപ്പൊട്ടലുകളും അവയിൽ കേൾക്കാം. ആ പാട്ടുകളിലെ ശൃംഗാരത്തിൻെറ ആധിക്യം കൊണ്ടായിരിക്കാം ഉബൈദ് സാഹിബ് അവ പ്രസിദ്ധീകരിക്കാൻ മടിച്ചത്. കലാമൂല്യമോർത്ത് ഒന്ന് രണ്ടെണ്ണം മാത്രം ഇവിടെ അവതരിപ്പിക്കട്ടെ:

1921-ലെ മലബാർ ലഹളയിൽ ശിക്ഷിക്കപ്പെട്ട് ദീർഘകാലം ബല്ലാരി ജയിലിൽ കഴിയേണ്ടി വന്ന ഒരാൾ ഏഷണിക്കാരുടെ തൊറ്റിയോതണക്കുകൾക്ക് വശംവദനായി തൻെറ പ്രിയതമയെ ഉപേക്ഷിക്കാൻ തയ്യാറാവുന്നു. ആ വിവരത്തിന് ഭാര്യാമാതാവിന് ഒരു കത്തയച്ചു. കത്തിലെ വിവരമറിഞ്ഞ ഭാര്യ ഭർത്താവിനെഴുതുന്നു:

ജേലിൽനിന്നുമെന്നെ ഇന്നാളെന്നെ
ഉമ്മാക്കയത്തിട്ടേ
ചീട്ടൊണ്ട് കനിന്തെല്ലാ മറിയപ്പെട്ടേ
വ്യസനം
തീരാതെ എന്നെ ദുഃഖക്കടലിൽപെട്ടേ
താലം അന്നഗർ വിട്ട പെണ്ണിമെൻ
ഗലാഖിനെ
താങ്കളിങ്കിളക്കിയാൽ പെരിയോനാണെ
പൂവിൽ
താമസിച്ചിടാ ഇങ്ങിമരിക്കം ഞാനേ!
മാനിർ ഉമ്മൈ നട്ടനച്ച പോറ്റിയും വന്നെ
മരംപൂത്തു കനി മുന്നം പറിച്ചതിന്നെ
ഇരസം
മനസ്സുള്ളിൽ മാദനോ കണ്ണുകന്നേപ്പിന്നെ
താനവൻ വിധിയാലേ ഉമ്മൈപോയ
ദിനംപൂട്ടി
താവാരും ഇറക്കാതെ പൊതിഞ്ഞുകെട്ടി
ഉമതിൽ
താരാൻ കാത്തിരിക്കുന്ന സൊരണപ്പെട്ടി!
തേനാരെ ഉമ്മൈകത്തിൽ പറഞ്ഞ
ആ വിധമുള്ള
തേടിപ്പിത്തരം കാട്ടി നടന്നിട്ടില്ല.
എന്നെ ഒരു
തെമ്മാടിത്തറവാട്ടിൽ ജനിച്ചോളല്ലാ.
അല്ലാ, എൻ്റാവസ്ഥകൾ
അറിയുന്നോരെമ്മയല്ലോ
അതുകൊണ്ടിട്ടെന്നെ ഒന്നും പറയേണ്ടല്ലോ
ഉമ്മൈകൾ
അല്ലാതെ എനിക്കൊരു സഖിയില്ലല്ലോ.
വല്ലാരും ഫസാദ് നന്നു കേട്ടമടിക്കല്ലാ
വടിവുദോറാരുമെ എന്നെയുപേക്ഷിക്കല്ലാ
എന്നെമേൽ
വലുതായ വെറപ്പൊന്നും വിചാരിക്കല്ലാ
ഖല്ലഖിൻ വിധിയാണെ കഴിഞ്ഞ ഈ
ഇമാരാവ്
കനിവുള്ളോനുമ്മൈകളെ ഒരു കിനാവ്
ഉണർന്നതിൽ
കരൾകത്തിക്കരിഞ്ഞു പോയിതാ എൻജീവ്,
ബല്ലാരിക്കടൽ ഞാൻ വന്നിടാ
നൊട്ടുവഴിയുണ്ടോ
വല്ലികൾക്കവിടത്തിൽ വരാൻപാടുണ്ടോ?
വരികിൽ
ഉമതെക്കണ്ടിടാൻ വല്ല നിവൃത്തിയുണ്ടോ?

---

നാം തമ്മിൽ നേരത്തെ അറിയുമോ എന്ന്?"

"മറ്റാരും ഇത്ര സ്നേഹം കാണിക്കുന്നില്ല. അതുകൊണ്ട് ചോദിച്ചതാണ്. സാഹിത്യകാരനല്ലെ? ആരാധകർ കൂടുമല്ലോ?"

'നാലുവർഷങ്ങൾക്ക് മുമ്പ് ഞാനിവിടെ രോഗിയായി കിടന്നിട്ടുണ്ട്. അന്നു വളരെ കത്താശകളൊക്കെ ഈ സിസ്റ്റർ ചെയ്തുതന്നിരുന്നു. പിന്നെ, ഉറക്കത്തിൽ ശല്യപ്പെടുത്തുമായിരുന്നു എന്നുമാത്രം പകലുറക്കം പാടില്ലെന്നായിരുന്നു ഹെഡ്ക്വാർട്ടർ വിധി.'

പ്രസന്ന ചിരിക്കുന്നു. ശ്രീദേവിയാകട്ടെ അകലേക്ക് നോക്കിനിൽക്കുകയാണ്

രാവിലെ ടാക്സിയിൽ കയറുമ്പോഴും ശ്രീദേവി കൂടെ തന്നെയുണ്ട്. കുഞ്ഞനെ കൈയിൽ വെച്ചിരിക്കുന്നു. ടാക്സി പുറപ്പെടാറായപ്പോൾ കുഞ്ഞിനു ഒരു മുത്തം നൽകിയിട്ട് പ്രസന്നയെ ഏൽപിച്ചു.

'മരുന്നുകൾ മുടങ്ങാതെ, മറക്കാതെ കഴിക്കണേ! കുഞ്ഞിനെ പ്രത്യേകം നോക്കണേ!'

പ്രസന്നയോടുള്ള ഉപദേശങ്ങളാണ്. നാലുവർഷങ്ങൾക്കുമുമ്പും ഇതേ വാചകങ്ങൾ ശ്രീദേവി പറഞ്ഞതാണ്. പ്രസന്നയാത്ര ചോദിക്കുന്നു.

'പോകട്ടെ?'

'ബൈ; ബൈ' കാർ നീങ്ങിയപ്പോൾ ശ്രീദേവി കൈയുയർത്തി വീശി. മെയിൻറോഡിലെത്താറായപ്പോൾ തിരിഞ്ഞുനോക്കി. അപ്പോഴും ശ്രീദേവി അവിടെതന്നെ നോക്കിനില്ക്കുന്നു. കാർ സ്പീഡെടുത്തപ്പോൾ പ്രസന്നയുടെ കഴുത്തിൽ കൈയിട്ടുകൊണ്ടു ചോദിച്ചു.

'മോൾക്കൊരു പേരു വേണ്ടെ?'

'നല്ലപേരു വല്ലതും കിട്ടിയോ?'

ഒന്നുകൂടി അവളെ തന്നിലേക്ക് ചേർത്തുകൊണ്ടു ചെവിയിൽ മന്ത്രിച്ചു

'ശ്രീദേവി', നല്ലപേരാണോ?'

പ്രസന്ന ചോദ്യരൂപേണ നോക്കിയതേയുള്ളൂ.

—···—

## മറ്റൊന്ന്

അള്ളതള്ളതകമിയ ക്കോവത്തിരപൊട്ടി
വിള്ളുള്ളതിനാലുളം കേദമെ
വെന്തി
ഒപ്പാള തെള്ളതീടുന്നൊരു ഗീതമെ
അരശിക്കിക്കറി കിട്ടി വായിത്തറിന്തെന്നാ
ടിരസിക്കന്നൊരു സമാനേറുമേ
അന്ന്
വരിശിക്കും പരമ സ്വാദമേ

ർ ചേർത്തിട്ടുണ്ട്. ബൽബൺ
ൽ ഗിയാസുദ്ദീൻ തുഗ്ലക് വരെ

തന്നെ ധാരാളം നാടുകൾ സന്ദർശിച്ചു. വ്യത്യസ്ത ഭാഷകൾ പഠി

# പോസ്റ്റ് ബോക്സ് 64

## ...പ്പിളപ്പാട്ട് പ്രസക്തി ശരിയല്ല

...പ്പിളപ്പാട്ടുകളെക്കുറിച്ച് ഇബ്രാ
ബേവിഞ്ച എഴുതിയത് വായി
...ാക്കത്തൊള്ളായിരം അലവലാ
കേസറ്റുകളും റേഡിയോവിൽ
...ക്കാറുള്ള അബദ്ധജഡിലമായ
...കളും ഉദ്ദേശിച്ചാണ് അദ്ദേഹം
...ത്തെങ്കിൽ മനസ്സിലാക്കാമായി
...്. എല്ലാ രചയിതാക്കളെയും
...ി ആക്ഷേപിക്കാൻ തുനിഞ്ഞ
...ക്കാരവും ഔന്നത്യവുമാണ്.
...ന്ദ്രിക'യിൽ തന്നെ പ്രത്യക്ഷപ്പെ
...ള്ള പല മാപ്പിളപ്പാട്ടുകളും
...ഥസമ്പുഷ്ടവും ഭാവസുന്ദര
...ആസ്വാദ്യ മധുരവുമായി അനു
...ട്ടിട്ടുണ്ട്. അവയൊന്നും ബേ
കണ്ടില്ലെന്ന് നടിച്ചത് എന്തു
...ടാണ്. ഒരു നിരൂപകന് ഉണ്ടാ
...ണ്ടുന്ന അറിവും പഠനവും
...നബുദ്ധിയും അവധാനത
...വസ്തുനിഷ്ഠമായ വിലയിരു
ബേവിഞ്ചക്ക് ഇല്ലാതെ പോ
...ാകവി മോയിൻകുട്ടി വൈദ്യ
മൺമറഞ്ഞുപോയ മറ്റു കവി
...യാ അവരുടെ സംഭാവനകളെ
...ക്ഷണമൊത്ത മാപ്പിളപ്പാട്ടോ
...ണെന്നും അറിയില്ല.
...റ്റുകളിൽ വരുന്ന ഗാന
...ആസ്വാദകർ വിലയിരുത്താറി
...വരത് വാങ്ങാനോ കേൾക്കാ
...നകൊടൊറുമില്ല. പക്ഷേ പത്ര
...കളിൽ കാണുന്നവ ശ്രദ്ധിക്ക
...ു. അവയിൽ ലക്ഷണമൊ
...ന അഭിനന്ദിക്കുകയും
...ു. സഹൃദയ സദസ്സുകൾ
...ിക്കുകയും ചെയ്യുന്നു. നില
...ള്ള പാട്ടുകളെ വിലയിരു
ബുദ്ധിജീവികളെയും
...കരെയും കൂടിയാണ് ബേ
...വഹേളിച്ചത്.

-സലീം കിണാശ്ശേരി
കോഴിക്കോട്

## ...ിഞ്ച ചെയ്ത സുകൃതം

...ോ സാഹിത്യ പരിചയ-
...ാത്ത കുറെ യശഃപ്രാർത്ഥി
...ച്ചുവിടുന്ന മാപ്പിളപ്പാട്ടാഭാ

സങ്ങളെപ്പറ്റി ഇബ്രാഹിം ബേവിഞ്ച എഴുതിയത് അസ്സലായി. ഇതൽപം കൂടി നേരത്തെയായിരുന്നെങ്കിൽ!

പേനയെടുത്തവൻ മുഴുവൻ എഴുത്തുകാരാകുന്ന ദുഃസ്ഥിതിയാണ് മാപ്പിള സാഹിത്യ രംഗത്ത്. മലയാളത്തിലെ ഒരൊറ്റ ഖണ്ഡകാവ്യംപോലും വായിക്കാത്ത, വാരംതോറും മാപ്പിളപ്പാട്ട് രചിക്കുന്ന നിരക്ഷരന്മാരെ പോറ്റിവളർത്തുന്നത് കാസറ്റ് കമ്പനിക്കാരും പാട്ടുപുസ്തകം അച്ചടിച്ചിറക്കുന്ന ചന്തപ്പടിക്കാരുമാണ്.

ഏതെങ്കിലും പഴയ സിനിമാ ഗാനത്തിൻെറ ട്യൂണിനൊപ്പിച്ച് കുറെ പദങ്ങൾ നിരത്തുകയെന്നതാണ് ഈ നിയോഗം. 'പെരിയാറേ........' എന്ന വയലാർ-ദേവരാജൻ ടീമിൻെറ ഗാനത്തിൻെറ ട്യൂണിൽ ഇവർ "ചുരിദാറേ.....ചുരിദാറേ......." എന്നെഴുതി വിടുമ്പോൾ ഇവരുടെ സംസ്കാരം നമുക്ക് അറിയാം. മോയിൻകുട്ടി വൈദ്യരുടെ കൃതികൾക്ക് പണ്ട് ആരൊ എഴുതിവിട്ട ഗുളിക രൂപത്തിലുള്ള വ്യാഖ്യാനം അപ്പടി പകർത്തിവെച്ച് പുസ്തകമിറക്കുന്ന ഈ 'കവി'കൾ സ്വയം അവകാശപ്പെടുന്നതും "മോയിൻകുട്ടി വൈദ്യർക്ക് ശേഷം ഉജ്ജ്വല പ്രതിഭ" എന്നാണ്. മദ്രസകളിൽ നബിദിനാഘോഷത്തിന് ചന്തക്കച്ചവടം ഉദ്ദേശിച്ച് അടിച്ചിറക്കുന്ന കുറെ പാട്ടു പുസ്തകങ്ങളാണ് ഇവരുടെ മഹത്തായ സാഹിത്യ സംഭാവനകൾ!

മാപ്പിളപ്പാട്ടിൻെറ സർവ്വാധികാര്യക്കാരായി ഭാവിച്ച് മൽസരങ്ങളിലും മറ്റും ജഡ്ജിയായി ഇവർ നിയോഗിക്കപ്പെടുന്നു! അർഹത! കുറെ അക്ഷരങ്ങൾ അർത്ഥമറിയാതെ തിരിച്ചും മറിച്ചും പ്രയോഗിക്കാനറിയാം.

സിനിമാഗാനങ്ങളുടെ ട്യൂണിൽ ആരുടെ പുറത്തുവെച്ചും പാട്ട് എഴുതും. വാരാവാരം ഇവർ എഴുതിവിടുന്ന അസഭ്യങ്ങൾ മുസ്ലിം കേരളം ഛർദ്ദിക്കുകയും വീണ്ടും വിഴുങ്ങുകയും ചെയ്യുന്നു.

-റഷീദ് പുന്നൂർ ചെറുപാലം
നരിക്കുനി

...ോലം വള...

ചന്ദ്രിക

1996 ജനുവരി 29 തിങ്കൾ

1416 റമസാൻ 8 | 1171 മകരം 15 | 1917 മാഘം 9

സുബ്ഹി 5.32 | ളുഹർ 12.41 | അസർ 4.00
മഗ്‌രിബ് 6.29 | ഇശാഅ് 7.39

സൂര്യോദയം 6.55 | സൂര്യാസ്തമയം 6.29

# മാപ്പിള കലകളുടെ അവതരണവും മൂല്യ നിർണ്ണയവും

പ്രൊഫ: കെ. മുഹമ്മദ്
(പി.എസ്.എം.ഒ. കോളജ് തിരൂരങ്ങാടി)



## മാപ്പിളപ്പാട്ട്

## ഒപ്പന

## കോൽക്കളി

## ദഫ്മുട്ട്, അറവനമുട്ട്

# മാപ്പിള കലയുടെ നിലവാരം കൂടുന്നു പക്ഷേ....

= [illegible] 13 [illegible] 1996. (5)

കോട്ടയം: "ഓരോ യുവജനോത്സവം കഴിയുന്തോറും മാപ്പിളകലയുടെ നിലവാരം കൂടുന്നുണ്ട്. പക്ഷേ ചില ടീമുകൾ ഈ കലയോട് കാണിക്കുന്ന സമീപനം സഹതാപമർഹിക്കുന്നതാണ്. ഇതിന്റെ മുഴുവൻ ഉത്തരവാദിത്തവും അവരെ പരിശീലിപ്പിക്കുന്നവർക്കാണ്". പ്രശസ്ത ഒപ്പന മാപ്പിളപ്പാട്ട് രചയിതാവ് ഒ.എം. കരുവാരക്കുണ്ട് പറയുന്നു.

അറബി മലയാള സാഹിത്യത്തെക്കുറിച്ച് വ്യക്തമായി പഠിച്ചവർ മാത്രമെ കുട്ടികളെ പരിശീലിപ്പിക്കാവൂ. അവർ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്ന പദങ്ങളുടെ അർത്ഥം അവർക്കു തന്നെ അറിയണം. അല്ലെങ്കിൽ തെറ്റുകൾ ആവർത്തിച്ചുകൊണ്ടിരിക്കും. ഉദാഹരണത്തിന് യുവജനോത്സവവേദിയിൽ കേട്ട ഒരു വരി "ചേർന്നിട്ടരികർകൾ വിനാചെയ്യും....." വിനയെന്നാൽ ആപത്താണ്. എന്നൽ കുട്ടി പാടിയത് സിനാ ചെയ്യുമെന്നാണ്. സിന ചെയ്യുകയെന്നാൽ വ്യഭിചാരം ചെയ്യുകയെന്നാണ്. ശ്രദ്ധിച്ചില്ലെങ്കിൽ ഇതുപോലത്തെ ഭീമൻ വിഡ്ഢിത്തരങ്ങൾ ആവർത്തിക്കും.

മാപ്പിളപാട്ടിന്റെ നിലവാരം മെച്ചപ്പെട്ടിരുന്നു. ഇശലും സാഹിത്യവും പ്രാസവുമുള്ള പാട്ടുകൾ മിക്കവരും തെരഞ്ഞെടുത്തു. എന്നാൽ ചിലർക്ക് മാപ്പിളപ്പാട്ടെന്താണെന്ന് അറിയില്ല. കുട്ടികളെ പരിശീലിപ്പിക്കുന്നവർ ശരിയായ വാക് സ്ഫുടതയോടെ പഠിപ്പിക്കണമെന്ന് കരുവാരക്കുണ്ട് പറഞ്ഞു. മോയിൻകുട്ടി വൈദ്യരുടെയും ശിശു ഹസ്സന്റെയും പാട്ടുകൾ ആവർത്തിക്കാനാണ് ഇപ്പോഴും എല്ലാവരും ശ്രമിക്കുന്നത്.

ഒപ്പനയുടെ കാര്യത്തിൽ ചില ടീമുകൾ തനത് നിലവാരത്തിലെത്തുന്നില്ലെന്നത് ഖേദകരമാണ്. ഇത്തവണ ഒപ്പന അവതരിപ്പിച്ച ഒരു ടീം കാബറേ സ്റ്റൈലിലാണ് രംഗത്തെത്തിയത്. സിനിമ-കാസറ്റുകളുടെ സ്വാധീനം ഒരു പരിധിവരെ ഒപ്പനയെബാധിക്കുന്നുണ്ട്. ഡാൻസ് ടീച്ചർമാർക്ക് ഒപ്പന അറിയണമെന്നില്ല. ഇത്തരക്കാർ ഒപ്പന പഠിപ്പിച്ചാൽ തെറ്റുകളേ ഉണ്ടാകൂ. - കരുവാരക്കുണ്ട് പറഞ്ഞു.

പെൺകുട്ടികളുടെ വിഭാഗത്തിൽ 18 ടീം മൽസരത്തിനെത്തിയത് മൽസര തീവ്രതയെ കാണിക്കുന്നു. ഒന്നും രണ്ടും സ്ഥാനം നേടിയ ടീമുകൾ ജില്ലയിൽ തഴയപ്പെട്ടതാണെന്ന് ശ്രദ്ധേയമാണ്. ഇതിനുകാരണം വിധികർത്താക്കളുടെ വിവരമില്ലായ്മ തന്നെ. ടി.ടി.ഐക്കാരും പ്രൈമറി സ്കൂളുകാരും ഒപ്പന ഗൗരവമായെടുത്തിട്ടില്ലെന്നാണ് അവരുടെ പ്രകടനം സൂചിപ്പിക്കുന്നത്.

ഒപ്പനയിൽ ഒരേ പാട്ടുതന്നെ തെരഞ്ഞെടുക്കാൻ ടീമുകൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഒപ്പനയുടെ തുടക്കത്തിൽ കദീജ (നബിയുടെ ഭാര്യ) മണവാട്ടിയെങ്കിൽ പകുതിയാകുമ്പോൾ അറിയാതെ ഫാത്തിമ (നബിയുടെ മകൾ)യാകുന്നു. കുറച്ചുകഴിയുമ്പോൾ ഹുസനുൽ ജമാൽ (മോയിൻകുട്ടി വൈദ്യരുടെ കഥാപാത്രം) മണവാട്ടിയാകുന്നു. ഇതെല്ലാം കഴിഞ്ഞ് ഒപ്പന അവസാനിക്കാറാകുമ്പോൾ ഏതെങ്കിലും പ്രാദേശിക പേരുകാരി മണവാട്ടിയാകുന്നു. ഇങ്ങനെ ഒരു പാട്ടിൽ തന്നെ മൂന്നുനാല് മണവാട്ടിമാരുടെ പേര് അറിഞ്ഞോ അറിയാതെയോ കടന്നുവരുന്നു.

പിന്നണി സംഗീതമില്ലാതെ കുട്ടികൾ പാടിയഭിനയിക്കുന്നതാണ് ശരിയായ ഒപ്പനയെന്ന് ഒ.എം. ഓർമ്മിപ്പിച്ചു.

അറബികലയായ ദഫ്മുട്ട് ഇന്ന് ശരിയായ രീതിയലല്ല ചിലർ അവതരിപ്പിക്കുന്നത്. ശരിയായ ദഫിന് പകരം ഗഞ്ചിറ ചിലർ ഉപയോഗിക്കുന്നു. അറബി ബെയ്ത്തുകൾ തന്നെ ഉപയോഗിച്ചാലേ ദഫ്മുട്ടാകൂ. ഇവിടെ ഒന്നോ രണ്ടോ ടീമുകൾ നിലവാരം പുലർത്തി.

അറവനമുട്ട് ശരാശരി നിലവാരത്തിലുള്ളതായിരുന്നു. ഈ കലാരൂപം കുട്ടികളും അവരെ പരിശീലിപ്പിക്കുന്നവരും ഇനിയും പഠിക്കേണ്ടിയിരിക്കുന്നു. നാടൻപാട്ട് പാടി കോലടിക്കണമെന്നാണ് മാന്വലിൽ കോൽക്കളിയെ പറ്റിപ്പറയുന്നത്. രണ്ടുതരം കോൽകളിയാണ് നമ്മുടെ നാട്ടിലുള്ളത്. ഒന്ന് ഭക്തിരസപ്രദമായ പാട്ടുള്ളതും മറ്റേത് വിനോദത്തിനു വേണ്ടിയുള്ളതും. ഇതിൽ ശരിയായ കോൽകളി വിനോദത്തിനു വേണ്ടിയുള്ളതാണ്. കരുവാരക്കുണ്ട് പറഞ്ഞു നിർത്തി.

ഓരോ കാലഘട്ടത്തിന്റെയും കഥപറയുന്ന മാപ്പിളകലാരൂപങ്ങൾ ചരിത്രപുസ്തകങ്ങളിലേക്കൊതുങ്ങി പോകാതിരിക്കാൻ പുതിയ തലമുറ ഇനിയും ശ്രമിക്കേണ്ടിയിരിക്കുന്നു. ഇവരെ പരിശീലിപ്പിക്കുന്നവർക്ക് ഒരുപാട് ചെയ്യാനുണ്ട്. അവർ കടമ നിറവേറ്റുമെന്ന് പ്രത്യാശിക്കാം.

# മാപ്പിളപ്പാട്ടിന്റെ മാസ്റ്റർ

ചന്ദ്രിക 9.8.86

'കായലരികത്ത് വലയെറിഞ്ഞപ്പോൾ വള കിലുക്കിയ സുന്ദരി' എന്ന സിനിമാ ഗാനം ഇന്നും പുതുമയോടെ കേൾക്കാൻ കഴിയുന്നതിന്റെ രഹസ്യം കെ. രാഘവൻ അത് സ്വരപ്പെടുത്തി പാടിയതുകൊണ്ടാണ്. ഒപ്പം പി. ഭാസ്കരന്റെ നാടൻ ശീലുകൾക്ക് ഉള്ള കാന്തശക്തിയും.

കെ. രാഘവൻ തന്നെയാണ് മലയാള സിനിമയിൽ ആദ്യമായി ഒരു മാപ്പിളപ്പാട്ട് പാടിയതും. ശാസ്ത്രീയ സംഗീതത്തോടൊപ്പം നാടൻ പാട്ടുകൾക്കും രാജപാത വെട്ടിത്തെളിയിച്ച രാഘവൻ സംഗീത ലോകത്തിന് നൽകിയ സംഭാവന നിസ്സാരമല്ല.

നാടൻ പാട്ടുകൾക്കുള്ള വശ്യത മനസ്സിലാക്കി അവയെ സാധാരണക്കാരിലെത്തിച്ച രാഘവന്റെ എല്ലാ വർക്കുകളിലുമുണ്ട് ഈ ഗ്രാമശ്രീ. (രമണനിലെ കവിതകൾക്ക് ഇദ്ദേഹം നൽകിയ നാടൻ ശീലുകൾ ഓർമിക്കുക.)

രാഘവൻമാസ്റ്റർ പാടിയതും സംഗീതം പകർന്നതുമായ ചില ഗാനങ്ങൾ മാത്രം പരിശോധിക്കാം.

പഴയ സബീനപ്പാട്ടുകളുടെ ചുവട് പിടിച്ചുള്ളതാണ് രാഘവൻ മാസ്റ്ററുടെ ഈണങ്ങളിൽ പലതും. ചിലതാകട്ടെ മോയിൻകുട്ടി വൈദ്യരുടെ ഈണങ്ങൾക്ക് തന്നെ നവ ഭാഷ്യം തീർത്തതുമാണ്.

'പൂരണമധു മാറിലണിയ
പുണ്യവാൻ പുതുമണമല്ലോ

എന്ന ഗാനത്തിന് (മരിച്ചൻ എന്ന പടത്തിൽ) തശ്‌രീഹ് ഒപ്പനയുടെ അതേ രീതി തന്നെയാണ്.

'തശ്‌രീഫും ഉണ്ടാക്കാതെ
ബലാതെ
നബി ഉമ്മത്തിമാർക്ക്''

എന്ന ഗാനം ബോധപൂർവ്വം ഓർക്കാൻ വേണ്ടിതന്നെയാണ് ഒകളിലെ ഗാനവും ചിട്ടപ്പെടുത്തിയത്.

'നാഴിയരിപ്പാലുകൊണ്ട് നാദക കല്യാണം'ഉം 'പൂമാരകത്താനെ മുല്ലവിരിഞ്ഞു' തുടങ്ങിയ ഗാനങ്ങൾ അതീവ ഹൃദ്യമായതും രാഘവൻമാസ്റ്ററുടെ ലാളിത്യപൂർണ്ണമായ സംഗീത സംവിധാനംകൊണ്ടാണ്.

'പാത്തുമ്മ, ബീവിയെൻ
ഭാഗ്യം തെളിയുന്നേ...'

എന്ന ഘനഗംഭീരമായ ശബ്ദത്തിൽ 'കുഞ്ഞിപ്പിറപ്പ്'' എന്ന സിനിമയിൽ പാടിയ കെ. രാഘവന്റെ അനശ്വരതയിലൊരു ഗാനം കേട്ടു് വർഷങ്ങൾ ഏറെ കഴിഞ്ഞതാണ്.

'പകലവനന്തിമയങ്ങുമ്പം
അകിലുപുകച്ച മുറിക്കുള്ളിൽ
പനിമതി ബിംബമുദിച്ച
പോൽ
പുതുമണവാട്ടി—എഴാം
ബഹറിനകത്തൊരു
ഹൂറിയാകും
മറിമിഴി മാൻകുട്ടി...'

എന്ന 'അസുരവിത്തി'ൽ രാഘവൻ പാടിയ ഈ ഗാനത്തിന്റെ ഇശൽ.

'തങ്കകിരണത്തെ സമയത്ത്
ഇടനാവനെത്തി മനസ്സുള്ളിൽ'

എന്ന ബദറുൽമുനീർ ഹുസ്നുൽ ജമാലിലെ വൈദ്യരുടെ ഈണത്തെ ഓർമ്മിപ്പിക്കുന്നു.

'ഉമ്മാച്ചു'വിലെ 'കൽപകത്തോപ്പന്യനൊരുവന് പതിച്ചു നൽകി' എന്ന ഗാനമാവട്ടെ.

'കനിത്താരാ കവിതവൻ
അട്ടത്തതെ സമയത്തു
കറിനത്താലുവാംബോധം
കെട്ടു് വീണെ'

എന്ന മോയിൻകുട്ടി വൈദ്യരുടെ ഗാനത്തിന്റെ ഈണം സംസ്കരിച്ചതാണ്.

മാപ്പിളപ്പാട്ടുകളിലെ കൊമ്പ്, ഇരട്ടവലിപ്പ്, കമ്പി തുടങ്ങിയ ഇശലുകൾ കെ. രാഘവനെ അത്യധികം സ്വാധീനിച്ചിട്ടുണ്ട്.

'പതിനാലാംരാവി'ലെ 'അഹദോന്റെ തിരുനാമം' എന്ന ഗാനം പരിപൂർണ്ണമായും കൊമ്പിന്റെ ട്യൂണാണ്.

(ശ്രുതി സൗമഗമാണ് കെ. രാഘവന്റെ സംഗീതസംവിധാനത്തിന്റെ പ്രത്യേകത. ഓരോ ഉപകരണത്തിന്റെ അനന്തമായ സാദ്ധ്യതകൾ രാഘവനു അറിയാം. ഔചിത്യപൂർണ്ണമായ ആവിഷ്കാരവും പരമാവധി കേരളീയ വാദ്യങ്ങളുടെ ഉപയോഗവുമാണ് ഇദ്ദേഹം ഗാനങ്ങൾക്ക് മാധുര്യം ജനിപ്പിക്കുന്നതു്. അവയവകളെ എണ്ണത്തിൽ ചുരുക്കവും. ഫ്ലൂട്ടിന് പകരം അതേ സ്വരം ഗിയർടോണിലൊ ഇലക്ട്രിക് ഗിത്താറിലോ സൃഷ്ടിക്കുന്നതിൽ അദ്ദേഹത്തിനു താത്പര്യമില്ല. തബലക്ക് തബല തന്നെ വേണമെന്ന് നിർബ്ബന്ധവുമാണ്.

ചങ്ങമ്പുഴയുടെ കവിതകളെ സാധാരണക്കാരിലെത്തിച്ചത് കെ. രാഘവനാണ്: മറ്റൊരു കവിതയുടെയും ഗാനാത്മകതക്ക് അസ്പൃതമായി പാടിയ ശബ്ദങ്ങളെ തിരഞ്ഞെടുത്ത് ലളിതവൽക്കരിച്ച് അവതരിപ്പിച്ചതാണ് കെ. രാഘവന്റെ വിജയം. 'രമണ'നിലെ ഗാനങ്ങൾ ഇപ്പഴും ഹിറ്റായിരിക്കുന്നതും അതുകൊണ്ടുതന്നെ.

പുന്നെല്ലിന്റെ മണവും തെളിനീരിന്റെ പതയും ചളിയുടെ നിറവും വിണ്ടുകീറിയ വരമ്പും സംഗീതത്തിൽക്കൂടി അനുഭവവേദ്യമാക്കാൻ കഴിയുമോ? തീർച്ചയായും. കെ. രാഘവൻ സംഗീതലോകത്തിലെ ജീനിയസ്സാകുന്നതും അതിനാലാണ്.

റഷീദ് ചെറുപാലം

## ഫുട്ബോൾ താരങ്ങൾ സ്റ്റാമ്പുക

